കേരള സർക്കാർ

സംഗ്രഹം

കേരളാ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി – 35 നും 54 നും മദ്ധ്യേ പ്രായമുള്ളവർക്ക് പദ്ധതിയിൽ ചേരുന്നതിന് ഒരു വർഷത്തെ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

---

## തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

**ജി.ഒ.( പി.) 97/07/തൊഴിൽ** **തീയതി, തിരുവനന്തപുരം, 31/07/2007.**

---

പരാമർശം:- 1. സ.ഉ (പി) 80/2004/തൊഴിൽ തീയതി: 10/12/04

2. അസോസിയേഷൻ ഓഫ് ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്സ് കേരള, കണ്ണൂർ ജില്ലാ പ്രസിഡണ്ടിന്റെ 30/12/06 ലെ നിവേദനം.

3. കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 28/03/07 ലെ എ5/18/07 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം കേരള ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വന്ന് ഒരു വർഷത്തിനകം 20 വയസ്സിനും 54 വയസ്സിനും മദ്ധ്യേ പ്രായമുള്ളവർ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ 20 വയസ്സിനും 54 വയസ്സിനും മദ്ധ്യേ പ്രായമുള്ളവർക്ക് അംഗത്വത്തിനു വേണ്ടിയുള്ള കാലാവധി 2007 ഡിസംബർ വരെ നീട്ടണമെന്ന് അസോസിയേഷൻ ഓഫ് ആട്ടോമൊബൈൽ വർക്ക്ഷോപ്പ്സ് കേരള അഭ്യർത്ഥിക്കുകയുണ്ടായി. 35 വയസ്സിനും 54 വയസ്സിനും മദ്ധ്യേ പ്രായമുള്ള തൊഴിലാളികൾക്ക് പദ്ധതിയിൽ അംഗത്വം നേടുന്നതിനായി ഒരു വർഷം ഇളവ് അനുവദിക്കണമെന്ന് കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് യോഗം സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

2. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ബോർഡിന്റെ ശുപാർശ കൂടി കണക്കിലെടുത്ത് 35 നും 54 നും മദ്ധ്യേ പ്രായമുള്ള തൊഴിലാളികൾക്ക് കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ

അംഗത്വമെടുക്കുന്നതിന് ഈ ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തെ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എൻ.സി.കുമാർ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേരള ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി പി.ഒ. ബോക്സ് നമ്പർ. 172, താമരക്കുളം, കൊല്ലം- 691001.
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ. ഗവ.വെബ്സൈറ്റ്, സെക്രട്ടേറിയറ്റ് അനക്സ്.
തൊഴിൽ (പി എസ്) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.